കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല – കുറുവ ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ തോട്ടക്കര അംഗൻവാടി കെട്ടിട നിർമ്മാണത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ചട്ടം 3(c) പ്രകാരം ഇളവ് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 597/2017/തസ്വഭവ തിരുവനന്തപുരം,തീയതി 03/03/2017.**

---

പരാമർശം:- 1) കുറുവ ഗ്രാമപഞ്ചായത്ത് 4-ാം വാർഡ് മെമ്പർ ശ്രീ. പി.ജംഷീർ സമർപ്പിച്ച അപേക്ഷ.

2) കുറുവ ഗ്രാമപഞ്ചായത്തിന്റെ 1.10.16 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 6-ാം നമ്പർ തീരുമാനം.

3) ചീഫ് ടൗൺ പ്ലാനറുടെ 18.2.17 ലെ സി.1/1546/2017/K.dis. നമ്പർ കത്ത്.

4) കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9.7.15 ലെ ബി.2-3362/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ 94-ാം നമ്പർ അംഗൻവാടി, സ്വകാര്യവ്യക്തികൾ പഞ്ചായത്തിനു നൽകിയ സർവേ നമ്പർ 52/1 ൽപ്പെട്ട സ്ഥലത്ത് നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കുറുവ ഗ്രാമപഞ്ചായത്ത് 4-ാം വാർഡ് മെമ്പർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണം എം.പി.ഫണ്ടിൽ വകയിരുത്തി പൊതു ആവശ്യത്തിനുള്ളതായതിനാലും, പരാമർശം (2) ലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ സാധാരണ മീറ്റിംഗിലെ 6-ാം നമ്പർ തീരുമാനം പരിഗണിച്ചും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ - 2011 ലെ ചട്ടം 3(c) പ്രകാരം പ്രസ്തുത നിർമ്മാണം സർക്കാർ/തദ്ദേശ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പു വരുത്തി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ - 2011 ലെ ചട്ടം 27 പ്രകാരമുള്ള മുൻ, പിൻ പാർശ്വ അളവുകളിൽ ഇളവ് അനുവദിച്ച് സമർപ്പിത site plan പ്രകാരം ലഭ്യമായിട്ടുള്ള മുൻ, പിൻ പാർശ്വ അളവുകളോടെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ - 2011 ന് വിധേയമായി കെട്ടിടനിർമ്മാണം നടത്തുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ പരാമർശം (4) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ 94-ാം നമ്പർ അംഗൻവാടി നിർമ്മാണത്തിന്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ ചട്ടം 27 പ്രകാരമുള്ള മുൻ, പിൻ, പാർശ്വ അളവുകളിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ - 2011 ലെ ചട്ടം 3(c) പ്രകാരം ഇളവ് അനുവദിച്ച് സമർപ്പിത site plan പ്രകാരം ലഭ്യമായിട്ടുള്ള മുൻ, പിൻ പാർശ്വ അളവുകളോടെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ - 2011 ന് വിധേയമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് പ്രത്യേക

ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ നിർമ്മാണാനുമതി നൽകുന്നതിന് മുൻപ് പ്രസ്തുത നിർമ്മാണം സർക്കാർ /തദ്ദേശ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ് എന്ന് കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി. ഹേമപ്രഭ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്, പടപ്പറമ്പ് പി.ഒ., വറ്റല്ലൂർ, മലപ്പുറം-676 507.
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
ശ്രീ. ജംഷീർ.പി., മെമ്പർ, കുറുവ ഗ്രാമപഞ്ചായത്ത്, 4-ാം വാർഡ്, പള്ളിപ്പറമ്പൻ, വറ്റല്ലൂർ പി.ഒ., മലപ്പുറം 676507.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ